**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5167** | **14-03-2023 - ൽ മറുപടിയ്ക്ക്**

**മുളവുകാട് ഗ്രാമപഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷന് ഭൂമി വിട്ടുനൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ റീസർവേ നമ്പർ 31/1-ൽ ഉൾപ്പെട്ട 2 ഏക്കറോളം വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമി മിനി സിവിൽ സ്റ്റേഷനും ബ്ലോക്ക് പഞ്ചായത്ത് ഓഫീസും നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | **വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ റീസർവേ നമ്പർ 31/1-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി മിനി സിവിൽ സ്റ്റേഷനും ബ്ലോക്ക് പഞ്ചായത്ത് ഓഫീസും നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു മുളവുകാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച ശുപാർശ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ